# സ്ത്രീവിമോചനത്തിന്റെ സന്തുലിത വഴികൾ

റസിയ അനസ്



**ശാക്തീകരണം** – ഏറെ ചർച്ചകൾക്ക് വിഷയീഭവിച്ച ഈ പ്രയോഗത്തിന്റെ വിവക്ഷ ശക്തി ക്ഷയിച്ചവർക്ക് ശക്തിപകരുക എന്നതത്രെ. എക്കാലത്തും സമൂഹം അബലയായി കരുതിയ സ്ത്രീയെ കരുത്തുള്ളവളാക്കുക എന്നതാണ് സ്ത്രീശാക്തീകരണം കൊണ്ടർഥമാക്കുന്നത്.

മാനുഷിക പരിഗണനകൾ പോലും നിഷേധിച്ചുകൊണ്ട് സ്ത്രീയെ അടിച്ചമർത്തുകയും ചൂഷണം ചെയ്യുകയും ചെയ്ത പഴയ സമീപനത്തിനും, അവകാശ സംരക്ഷണത്തിന്റെ മറവിൽ അതിരുവിട്ട സ്ത്രീസ്വാതന്ത്ര്യത്തിന്റെ പേരിൽ അവളെ തെരുവിലിറക്കുന്ന നവീന സമീപനത്തിനും മധ്യേയുള്ള സന്തുലിത സമീപനമാണ് ഇസ്‌ലാമിന് സ്ത്രീയോടുള്ളത്.

## കുടുംബജീവിതവും പൊതുമണ്ഡലവും

ശരീരഘടനയിലും മാനസികാവസ്ഥയിലും തികച്ചും വ്യത്യസ്തരായ സ്ത്രീപുരുഷന്മാരുടെ ധർമങ്ങളും വ്യത്യസ്തമാണ്. ഇരുകൂട്ടരുടെയും പ്രകൃതി പരിഗണിച്ചുകൊണ്ടാണ് പ്രകൃതിമതമായ ഇസ്‌ലാം അവരുടെ അവകാശങ്ങളും ബാധ്യതകളും നിർണയിച്ചിട്ടുള്ളത്. അധ്വാനവും ഭീമമായ കർമശേഷിയും ആവശ്യപ്പെടുന്ന ദൗത്യങ്ങൾ പുരുഷനെയും, മാതൃത്വത്തിന്റെയും സ്നേഹ പരിലാളനയുടെയും ദൗത്യങ്ങൾ സ്ത്രീയെയും ഏൽപിച്ചു. അതനുസരിച്ച് കുടുംബസംവിധാനം സ്ത്രീയുടെ പ്രഥമ ബാധ്യതയായി പരിഗണിച്ച ഇസ്‌ലാം, പക്ഷേ സമൂഹത്തിന്റെ പൊതുമണ്ഡലം അവൾക്ക് അന്യമാക്കിയിട്ടില്ല. എന്നുമാത്രമല്ല, അടിയന്തര ഘട്ടങ്ങളിൽ നിശ്ചയദാർഢ്യവും കർമശേഷിയും ആവശ്യപ്പെടുന്ന ദൗത്യങ്ങൾ ഏറ്റെടുക്കുന്നതിൽനിന്ന് ഇസ്‌ലാം സ്ത്രീയെ വിലക്കിയിട്ടുമില്ല. ബഹുമുഖ ദൗത്യങ്ങൾ നിർവഹിക്കാൻ പര്യാപ്തമായ രീതിയിലാണ് ഇസ്‌ലാം സ്ത്രീയെ വളർത്തിക്കൊണ്ടുവന്നത്.

ഇസ്‌ലാമിനുമുമ്പുള്ള അറേബ്യൻ നാഗരികതയിലെ സ്ത്രീയുടെ അവസ്ഥ അറിയുമ്പോഴാണ് ഇസ്‌ലാം സ്ത്രീക്കു നൽകിയ മാന്യതയുടെയും അന്തസ്സിന്റെയും പൊരുൾ മനസ്സിലാവുക. സൃഷ്ടിപ്പിൽ തന്നെ പുരുഷന് സ്ത്രീയെക്കാൾ ഉയർന്ന പദവിയുണ്ടെന്ന അക്കാലത്തെ മൂഢസങ്കൽപത്തെ നിരാകരിക്കുന്ന പ്രഖ്യാപനമാണ് ഖുർആൻ നടത്തിയത്.

“മനുഷ്യരേ, നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ! നിങ്ങളെ ഒരേ ആത്മാ

വിൽനിന്ന് സൃഷ്ടിക്കുകയും, അതേ ആത്മാവിൽനിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും അനന്തരം അവ രണ്ടിൽനിന്നുമായി ധാരാളം പുരുഷന്മാരെയും സ്ത്രീകളെയും ലോകത്ത് വ്യാപിപ്പിക്കുകയും ചെയ്തവനാണവൻ" (*അന്നിസാഅ്* 1).

ജീവനോടെ കുഴിച്ചു മൂടപ്പെടാൻ വിധിക്കപ്പെട്ടിരുന്ന ആറാം നൂറ്റാണ്ടിലെ സ്ത്രീക്ക് ജനിക്കാനും ജീവിക്കാനുമുള്ള അവകാശം നൽകി എന്നതാണ് ഇസ്‌ലാം സ്ത്രീയോടു കാണിച്ച ഏറ്റവും വലിയ നീതി. കർമങ്ങൾക്ക് പ്രതിഫലം നൽകുന്ന വിഷയത്തിലാകട്ടെ, അല്ലാഹുവിന്റെയടുക്കൽ സ്ത്രീ പുരുഷ വിവേചനമില്ല. "സത്യവിശ്വാസിയായിരിക്കെ, സൽക്കർമം പ്രവർത്തിക്കുന്നത് ആണായാലും പെണ്ണായാലും അവർക്ക് നാം ഉത്തമ ജീവിതം പ്രദാനം ചെയ്യും" (*അന്നിസാഅ്* 124).

വിദ്യാഭ്യാസം, വിവാഹം, വിവാഹമോചനം, സ്വത്തവകാശം, അഭിപ്രായ സ്വാതന്ത്ര്യം, തൊഴിൽ ചെയ്യാനും സമ്പാദിക്കാനുമുള്ള സ്വാതന്ത്ര്യം, വിവാഹത്തിനുമുമ്പും ശേഷവും തന്റെ സ്വത്തുക്കൾ കൈവശം വെക്കാനും സ്വതന്ത്രമായി കൈകാര്യം ചെയ്യാനുമുള്ള അവകാശം, വിവാഹിതയാകുമ്പോൾ വിവാഹമൂല്യവും(മഹ്ർ) അനിവാര്യ ഘട്ടത്തിൽ വിവാഹ മോചിതയാകുമ്പോൾ ജീവനാംശവും(മതാഅ്) ചോദിച്ചു വാങ്ങാനുള്ള അവകാശം ഇവയൊക്കെ അനുഭവിച്ചും ആസ്വദിച്ചും ഇസ്‌ലാമിലെ സ്ത്രീ, സമൂഹത്തിലെ നിഖില മേഖലകളിലും സ്ഥാനമുറപ്പിച്ചു. പള്ളിയിലും പടക്കളത്തിലും പാർലമെന്റിലും അവൾക്കന്ന് സ്ഥാനമുണ്ടായിരുന്നു. അക്രമവും ചൂഷണവും യുദ്ധവും സമരവും ലഹരിയും പെണ്ണും മൃഗതുല്യമാക്കിയ അറേബ്യൻ സമൂഹത്തിൽ പ്രവാചകൻ നടത്തിയ സാമൂഹിക വിപ്ലവ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന് പിന്തുണയേകി ആദ്യം കടന്നുവരികയും ശേഷം തന്റെ സ്വത്തുമുഴുവൻ ധാർമിക വിപ്ലവ പ്രസ്ഥാന പാതയിൽ ചെലവഴിക്കുകയും ചെയ്ത ഖദീജ(റ), ഏകനായ ദൈവത്തിന്റെ ദാസ്യം ഉറക്കെ പ്രഖ്യാപിച്ചതിന്റെ പേരിൽ രക്തസാക്ഷിത്വം വരിച്ച സുമയ്യ(റ), ഉഹുദ് യുദ്ധത്തിൽ പ്രവാചകന്റെ ജീവൻ രക്ഷിക്കാനായി അദ്ദേഹത്തിനു ചുറ്റും ഓടിനടന്ന് പടവെട്ടിയ ഉമ്മുഅമ്മാറ(റ), അല്ലാഹു നിശ്ചയിച്ചു കൊടുത്ത പെണ്ണിന്റെ അവകാശമായ മഹ്റിന്റെ വിഷയത്തിൽ ഖലീഫ ഉമറി(റ)നെ ചോദ്യം ചെയ്ത സഹോദരി, ധർമസമര പാതയിൽ ആവേശം പകർന്നുകൊണ്ട് പൊന്നോമന മകനെ രണാങ്കണത്തിലേക്ക് പറഞ്ഞയച്ച അസ്മാഅ്(റ), അങ്ങാടിയിൽ ജനങ്ങളോട് നന്മ കൽപിക്കാനും തിന്മയിൽ നിന്ന് തടയാനും ഉമർ(റ) നിയോഗിച്ച ശിഫാഅ് ബിൻത് അബ്ദില്ലാഹിൽ അദ്വിയ തുടങ്ങിയ വനിതാരത്നങ്ങൾ വ്യക്തിതലത്തിനും കുടുംബതലത്തിനുമപ്പുറം സാമൂഹിക രാഷ്ട്രീയ മേഖലകളിൽ വ്യക്തമായ ചുവടുവെപ്പുകൾ നടത്തിയവരാണ്. പ്രസവവും സന്താന പരിപാലനവും മാത്രമായിരുന്നില്ല അവർ ഏറ്റെടുത്ത ദൗത്യം.

## അവകാശ നിഷേധത്തിന്റെ ഇരകൾ

പ്രൊട്ടസ്റ്റന്റ് കാലഘട്ടത്തിനുശേഷം ഇത്തരത്തിൽ ബഹുമുഖ വളർച്ച നേടിയ സ്ത്രീകൾ എടുത്തുപറയത്തക്കതായി ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്നതുകൊണ്ടാണ് ആറാം നൂറ്റാണ്ടിലെ പെണ്ണിനെ ഉദാഹരണമായി മുന്നിൽ നിർത്തുന്നത്. ശാസ്ത്ര-സാങ്കേതിക നേട്ടങ്ങളുടെ ഉത്തുംഗതയിൽ എത്തിയെന്ന് അഭിമാനിക്കുന്ന ഈ പുതുയുഗത്തിൽ പോലും സ്ത്രീക്ക് അത്തരത്തിൽ ഒരു ബഹുമുഖ വളർച്ച അവകാശപ്പെടാനാകുമോ? പീഡിതയും ദുഃഖിതയും അബലയും ചപലയുമായ സ്ത്രീ എങ്ങും എവിടെയും ചൂഷണം ചെയ്യപ്പെടുന്നു. സുരക്ഷിതത്വം നഷ്ടപ്പെട്ട ഈ സമൂഹത്തിൽ

അവളുടെ മാനത്തിന് വിലപറയുന്നു. കുടുംബത്തിലും സമൂഹത്തിലും പുരുഷന് തുല്യമായ പരിഗണനയും അംഗീകാരവും ആസ്വദിക്കാനവൾക്ക് കഴിയുന്നുണ്ടോ? വീടിന്റെ അകത്തളങ്ങളിൽ പോലും പടച്ചതമ്പുരാൻ അവൾക്കു നൽകിയ അവകാശങ്ങളും പരിഗണനയും നിഷേധിക്കപ്പെടുമ്പോൾ നിശ്വാസങ്ങൾ നെടുവീർപ്പുകളാക്കി നീറി നീറിക്കഴിയുന്ന എത്രയെത്ര സ്ത്രീകൾ! ക്രൂരമായ അവകാശ നിഷേധത്തിനു മുന്നിൽ സർവംസഹയായി നിസ്സഹായതയുടെ പര്യായമായി മാറുന്ന പാവം സ്ത്രീയുടെ ദൗർബല്യം ചൂഷണം ചെയ്യുന്ന എത്രയെത്ര പുരുഷന്മാർ! ഇത്തരം നീതിനിഷേധംപോലും തന്റെ പൗരുഷത്തിന്റെ പ്രകടനമായിക്കരുതി കേമനാകാൻ ശ്രമിക്കുന്ന പുരുഷന്റെ മുമ്പിൽ നീതിക്കുവേണ്ടി ശബ്ദിക്കാനാകാതെ നിശ്ചലയാകുന്ന പാവം പെണ്ണ്..... അത്തരം അന്തരീക്ഷത്തിൽ അവളുടെ കഴിവും പ്രാപ്തിയും കൂമ്പടയുകയും മുരടിക്കുകയും ചെയ്യുമ്പോൾ മരവിച്ച മനസ്സുമായി ജീവച്ഛവങ്ങൾ പോലെ ജീവിതം 'ജീവിച്ചു തീർക്കുന്ന' എത്രയെത്ര സ്ത്രീജന്മങ്ങൾ! കുടുംബ നീതിയും സാമൂഹിക നീതിയും നിഷേധിക്കപ്പെട്ടതിന്റെ പേരിൽ പാർശ്വവൽക്കരിക്കപ്പെട്ട ഇന്നത്തെ സ്ത്രീക്ക് സാമൂഹിക പുരോഗതിയിൽ നിർണായക പങ്കുവഹിക്കാൻ കഴിയുന്നില്ല.

## സ്ത്രീശാക്തീകരണം സാമൂഹികാവശ്യം

ഇന്നത്തെ സ്ത്രീക്ക് വിമോചനം അനിവാര്യമാണ്, ശാക്തീകരണം അത്യന്താപേക്ഷിതവും. എന്നാൽ, സ്ത്രീശാക്തീകരണം സ്ത്രീയുടെ മാത്രം ആവശ്യമോ അവൾക്കു കിട്ടേണ്ട ഔദാര്യമോ അല്ല. അത് സമൂഹത്തിന്റെ ആവശ്യമാണ്; സാമൂഹിക വളർച്ചയുടെ അനിവാര്യഘടകവും. ഒന്നാമതായി, സ്ത്രീവിമോചനം അവളുടെ അടിസ്ഥാന മനുഷ്യാവകാശമാണ്; നീതി നിഷേധമാകട്ടെ ക്രൂരമായ മനുഷ്യാവകാശ ലംഘനവും. അതിനാൽ സ്ത്രീശാക്തീകരണം ഒരു മനുഷ്യാവകാശ പ്രവർത്തനമായി സമൂഹം അംഗീകരിക്കണം. രണ്ടാമതായി, സ്ത്രീയും പുരുഷനും ഒരുപോലെ ശക്തിയാർജിക്കുമ്പോഴേ സമൂഹം ശക്തിയാർജിക്കൂ. കുടുംബ സംവിധാനത്തിലും സാമൂഹിക സംവിധാനത്തിലും സ്ത്രീയും പുരുഷനും തങ്ങളുടെ കരുത്ത് പ്രകടിപ്പിക്കേണ്ടതുണ്ട്. സ്ത്രീയെ അടുക്കളയിലും അകത്തളത്തിലും ഒതുക്കി നിർത്തിയപ്പോൾ അത് സമൂഹ പുരോഗതിയെ മന്ദഗതിയിലാക്കി എന്നതിന്റെ പ്രകടമായ തെളിവാണ് ധാർമിക, സദാചാര അധഃപതനം നേരിട്ടുകൊണ്ടിരിക്കുന്ന ആധുനിക സമൂഹം. കാരണം അറിവും കഴിവുമുള്ള സ്ത്രീക്കേ കുടുംബത്തെയും സമൂഹത്തെയും ഭംഗിയായി സംവിധാനിക്കാൻ കഴിയൂ; വളരുന്ന തലമുറക്ക് ദിശാബോധം നൽകാൻ കഴിയൂ.

അതിനാൽ, സ്ത്രീശാക്തീകരണത്തിന്റെ ഒന്നാമത്തെ ഘട്ടം അറിവാണ്. ഇന്നത്തെ വിദ്യാഭ്യാസ രംഗം നല്ലൊരു ശതമാനവും സ്ത്രീകൾ കൈയടക്കി എന്നാശ്വസിക്കുമ്പോഴും പൂർണമായ അർഥത്തിൽ വിദ്യാസമ്പന്നയാകാൻ അവൾക്ക് കഴിഞ്ഞിട്ടുണ്ടോ? സ്വന്തം സ്വത്വവും വ്യക്തിത്വവും തിരിച്ചറിയാനുള്ള അറിവ്, ദൈവവും രാഷ്ട്രവും തനിക്ക് നിശ്ചയിച്ചുതന്ന അവകാശങ്ങളെക്കുറിച്ച അറിവ്, സ്ത്രീകളുടെ സംരക്ഷണത്തിനായുള്ള നിയമങ്ങളെക്കുറിച്ച അറിവ്, ദൈവം അവൾക്കു നൽകിയ കഴിവുകളെക്കുറിച്ച അറിവ്, എല്ലാറ്റിലുമുപരി സ്ത്രീ ആര്, അവളുടെ ദൗത്യമെന്ത് എന്ന തിരിച്ചറിവ്...... ഈ അറിവിലൂടെയും തിരിച്ചറിവിലൂടെയും അവൾക്കു ലഭിക്കുന്ന ആത്മവിശ്വാസവും കരുത്തും. ഇസ്‌ലാമിലെ സ്ത്രീ അനുഭവിച്ചറിഞ്ഞ മഹോന്നതമായ അവസ്ഥ കരസ്ഥമാക്കാൻ ഇന്നത്തെ സ്ത്രീക്ക് കഴിഞ്ഞിട്ടുണ്ടോ? കല

യിലും സാഹിത്യത്തിലുംവരെ ശക്തമായ സ്ത്രീ കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുന്നില്ല. എഴുതാൻ കഴിവുള്ള സ്ത്രീകളെ പെണ്ണെഴുത്തുകാരായി സമൂഹം വിധിയെഴുതി. ധാരാളം നല്ല സ്ത്രീ കഥാപാത്രങ്ങളെ സൃഷ്ടിച്ച വൈക്കം ബഷീറിനെപ്പോലുള്ള സാഹിത്യകാരന്മാർ എന്തേ സമൂഹത്തിന്റെ ദൃഷ്ടിയിൽ പെണ്ണെഴുത്തുകാരായില്ല? അല്ലെങ്കിൽ ആണുങ്ങളായ എഴുത്തുകാർ എന്തുകൊണ്ട് ആണെഴുത്തുകാർ എന്നു വിശേഷിപ്പിക്കപ്പെട്ടില്ല? എഴുത്തും ഭാഷയും പോലും ആണിനും പെണ്ണിനുമായി വേർതിരിച്ചു. സ്ത്രീയുടെ അറിവിന്റെ ലോകം സ്കൂൾ-കോളേജ് വിദ്യാഭ്യാസവും ശേഷം ശരീരം മോടിപിടിപ്പിക്കലും മാത്രമായി പരിമിതപ്പെടുത്തിയപ്പോൾ സാഹിത്യ സൃഷ്ടികളിലും കലാവേദികളിലും ശക്തരായ സ്ത്രീകഥാപാത്രങ്ങൾ അന്യമായി.

വിദ്യാസമ്പന്നയായ സ്ത്രീയിലൂടെ തലമുറ സംസ്കരിക്കപ്പെടുമെന്ന പ്രവാചകന്റെ കാഴ്ചപ്പാട്, സ്ത്രീയുടെ ധർമം കുടുംബത്തിനപ്പുറം സമൂഹത്തോടും കൂടിയാണെന്ന് വ്യക്തമാക്കുന്നു. ഇത്തരം ഒരു വീക്ഷണം ഇന്നത്തെ പെൺകുട്ടികൾക്ക് പകർന്നു നൽകപ്പെടുന്നില്ല. വലുതാകുമ്പോൾ അടക്കവും ഒതുക്കവുമുള്ള ഭാര്യയാകേണ്ടവൾ, അച്ചടക്കമുള്ള മരുമകളാകേണ്ടവൾ എന്നതിലപ്പുറം സ്ത്രീക്ക് മറ്റൊരു ദൗത്യവും സമൂഹത്തിലില്ല എന്ന് തോന്നിപ്പിക്കുമാറ് ചെറുപ്പം മുതൽ വളർച്ചയുടെ വിവിധഘട്ടങ്ങളിൽ വിധേയത്വത്തിന്റെ പാഠങ്ങൾ അഭ്യസിപ്പിച്ചുകൊണ്ട് വിവാഹക്കമ്പോളത്തിലേക്ക് ഒരുക്കിയെടുക്കപ്പെടുന്ന ഒരു ചരക്കായിട്ടാണ് മിക്ക പെൺകുട്ടികളും ഇന്ന് വളർത്തപ്പെടുന്നത്. അതുകൊണ്ടു തന്നെ വിദ്യാഭ്യാസ- തൊഴിൽ മേഖലകളിലെല്ലാം ആൺ-പെൺ വിവേചനം നിലനിൽക്കുന്നു. കൂടുതൽ പരിഗണന ആൺകുട്ടികൾക്ക് നൽകപ്പെടുന്നു. "നിങ്ങളിൽ ആർക്കെങ്കിലും ഒരു പെൺകുട്ടി ജനിച്ചാൽ അയാളവളെ കുഴിച്ചു മൂടുകയോ അപമാനിക്കുകയോ, ആൺമക്കൾക്ക് അവളെക്കാൾ പരിഗണന കൊടുക്കുകയോ ചെയ്യാതെ അവളെ വളർത്തിയാൽ അല്ലാഹു അയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കും" എന്ന പ്രവാചകവചനം ഇവിടെ പ്രസ്താവ്യമാണ്. ആൺമക്കളോടൊപ്പം തുല്യപരിഗണനയും അംഗീകാരവും നൽകി വളർത്തിയാൽ നമ്മുടെ പെൺകുട്ടികൾ ശക്തരാകും. അതുവഴി ലഭിക്കുന്ന ആത്മവിശ്വാസമാണ് സ്ത്രീശാക്തീകരണത്തിന് അനിവാര്യമായിട്ടുള്ളത്.

## പരസ്യങ്ങളിലെ സ്ത്രീജീവിതം

എന്നാലിന്ന്, സ്ത്രീയുടെ ആത്മവിശ്വാസം പരസ്യവാചകങ്ങളിലാണ്. Contraceptive pills, sanitary pad, sona belt, aerabic dance, fair and lovely, cosmetics എന്നിവയിൽ തുടങ്ങി ഏറ്റവുമൊടുവിൽ Musli Power Extra യിൽ എത്തിനിൽക്കുന്നു അവളുടെ ആത്മവിശ്വാസം. 'പെണ്ണായാൽ പൊന്നുവേണം, പൊന്നിൽ കുടമായിടേണം' എന്നു കേൾക്കുമ്പേഴേക്കും ആഭരണ ശാലകളിൽ തിരക്കു കൂട്ടുന്ന 'പൊന്നിൻകുടങ്ങൾ' വിലപ്പെട്ട എത്ര പണവും സമയവുമാണ് ആർഭാടത്തിനും ആഡംബരത്തിനുമായി തള്ളിനീക്കുന്നത്. ഇത്തരം അലങ്കാരങ്ങളിലും ബാഹ്യ സൗന്ദര്യത്തിലുമല്ല ഇസ്‌ലാം സ്ത്രീയുടെ ശക്തിയും ആത്മവിശ്വാസവും ദർശിക്കുന്നത്. അവളുടെ ആന്തരിക സൗന്ദര്യത്തിലും വ്യക്തിത്വത്തിന്റെ തേജസ്സിലുമാണ് ഇസ്‌ലാം സ്ത്രീശക്തിയെ കാണുന്നത്. ഇപ്രകാരം നേടിയെടുക്കുന്ന അറിവും ആത്മവിശ്വാസവും കരുത്തും നല്ലൊരു കുടുംബ സംവിധാനത്തിന് അവളെ പ്രാപ്തയാക്കും. കുടുംബമാണ് ശാക്തീകരണത്തിന്റെ രണ്ടാം ഘട്ടം. "സ്ത്രീ ഭർതൃഗൃഹത്തിലെ ഭരണാധികാരിയാണ്. അവിടത്തെ ഭരണീയരെകുറിച്ച് അവൾ അല്ലാഹുവിന്റെ മുമ്പിൽ

ചോദ്യം ചെയ്യപ്പെടും" എന്ന പ്രവാചകവചനം കുടുംബത്തോടുള്ള അവളുടെ ബാധ്യത വ്യക്തമാക്കുന്നു. മനുഷ്യസമൂഹത്തിന്റെ ശില്പിയും യുഗങ്ങളുടെ മാതാവുമാണവൾ. കുടുംബസംസ്കരണം അവളുടെ ബാധ്യതയാണ്. കമ്പോള സംസ്കാരത്തിന്റെയും സാമ്രാജ്വത്വത്തിന്റെയും കടന്നുകയറ്റം തകർത്തെറിഞ്ഞ ഇന്നത്തെ കുടുംബങ്ങളെ ധാർമികതയുടെയും സൂക്ഷ്മതയുടെയും ലോകത്തേക്ക് തിരിച്ചു കൊണ്ടുവരാൻ അറിവിലൂടെ കരുത്താർജിച്ച സ്ത്രീക്കേ കഴിയൂ. "ധൂർത്തും ദുർവ്യയവും നടത്തുന്നവർ പിശാചിന്റെ ചങ്ങാതിമാരാണ്" എന്ന ഖുർആൻ വചനമാണവൾക്ക് ദിശാ ബോധം നൽകുക. സൂപ്പർ മാർക്കറ്റിലെ ഉൽപന്നങ്ങളിൽ പതിച്ച ഫിലിം –സീരിയൽ സ്റ്റാറുകളുടെ മുഖവും ചിരിയും വടിവൊത്ത ശരീരവും കാണുമ്പോൾ ആവശ്യവും അനാവശ്യവും നോക്കാതെ കണ്ണിൽ കണ്ടതെല്ലാം വാരിയെടുത്ത് ബാസ്കറ്റ് നിറച്ച് പണം കൊടുത്ത് തിരിച്ചുപോരുന്ന പർച്ചേസ് സംസ്കാരമല്ല ഇസ്ലാം അവളെ പഠിപ്പിച്ചത്. കുടുംബ ബജറ്റ് താളം തെറ്റിക്കുന്ന ഇത്തരം ദുശ്ശീലങ്ങൾക്കുപകരം, വരവനുസരിച്ച് ചെലവുചെയ്യാനും, കഴിവനുസരിച്ച് ജീവിക്കാനും, അപര്യാപ്തതയെ സൗകര്യങ്ങളാക്കി മാറ്റാനുമുള്ള സ്ത്രീശക്തിയാണ് കുടുംബിനിക്കാവശ്യമെന്ന് ഇസ്ലാമികാധ്യാപനം അവളെ ഉണർത്തുന്നു. വേണ്ടിവന്നാൽ ഭർത്താവിന് സാമ്പത്തിക പിന്തുണയേകാൻ അസ്മാഇ(റ)നെപ്പോലെ തൊഴിലെടുക്കാനും സമ്പാദിക്കാനും അവൾക്ക് നൽകപ്പെട്ട സ്വാതന്ത്ര്യം സാമ്പത്തികാസ്തിത്വം നേടിയെടുക്കാനായി അവൾ ഉപയോഗപ്പെടുത്തണം.

## സാമ്പത്തിക അവകാശങ്ങൾ

മൂന്നാമതായി, സാമ്പത്തികാസ്തിത്വമാണ് സ്ത്രീശാക്തീകരണത്തിനു വേണ്ടത്. ഈ വിഷയത്തിൽ ഇസ്ലാമിന്റെ കാഴ്ചപ്പാട് തുല്യതയില്ലാത്തതാണ്. വിവാഹത്തിന് മുമ്പും ശേഷവും സ്വന്തമായി സ്വത്ത് സമ്പാദിക്കാനും വിനിമയം ചെയ്യാനുമുള്ള പൂർണസ്വാതന്ത്ര്യം അവൾക്ക് നൽകിയതോടൊപ്പം അവളുടെയും കുടുംബത്തിന്റെയും സാമ്പത്തിക ബാധ്യതയും സംരക്ഷണവും പൂർണമായും പുരുഷനെ ഏൽപിച്ചു ഇസ്ലാം. അവളുടെ അനുവാദമില്ലാതെ അവളുടെ സ്വത്തിൽ നിന്ന് ഒരു ചില്ലിക്കാശുപോലും ഉപയോഗിക്കാൻ ഇസ്ലാം പുരുഷന് അനുവാദമോ അധികാരമോ നൽകിയിട്ടില്ല.

ഇന്ന് സാമ്പത്തികാസ്തിത്വത്തിനായി സ്ത്രീകൾ തൊഴിൽ രംഗത്ത് വ്യാപകമായി കടന്നുവന്നുവെങ്കിലും അവിടെയും അവളുടെ ശരീരം കമ്പോളവൽക്കരിക്കപ്പെട്ടു. ഉപഭോക്താവിന് ആസ്വാദനം പകരുന്ന ഒരുൽപന്നമായി മിക്ക തൊഴിൽ മേഖലകളിലും തൊഴിൽ ശാലകളിലും അവൾ തരംതാഴ്ത്തപ്പെട്ടു. എയർ ഹോസ്റ്റസിനും റിസപ്ഷനിസ്റ്റിനും ഒരു കൺസ്യൂമർ പ്രൊഡക്ട് എന്നതിലപ്പുറം എന്തു മാന്യതയാണ് സമൂഹം കൽപിച്ചിട്ടുള്ളത്? കമ്പോളവൽക്കരിക്കപ്പെടുന്ന ഫാഷൻ ഷോകളിലെ അൽപവസ്ത്രധാരിണികളായ സ്ത്രീകൾ സമ്പാദിക്കുന്ന ലക്ഷങ്ങളല്ല, സ്ത്രീയുടെ അന്തസ്സും മാന്യതയും കാത്തു സൂക്ഷിച്ചുകൊണ്ടുതന്നെ തൊഴിലെടുക്കാനും മാന്യമായ വരുമാനത്തിലൂടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും സാമ്പത്തിക ഭദ്രതയിൽ ഒരു 'കൈ' സഹായിക്കാനും സ്ത്രീയെ പ്രാപ്തയാക്കുന്ന ശാക്തീകരണമാണ് സാമ്പത്തികാസ്തിത്വത്തിലൂടെ അവൾ നേടിയെടുക്കേണ്ടത് എന്നതാണ് ഇസ്ലാമിന്റെ വീക്ഷണം.

നാലാമതായി, സമൂഹ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാകാനുള്ള ശാക്തീകരണം. "സത്യവിശ്വാസികളും വിശ്വാസിനികളും പരസ്പരം സഹകാരികളാണ്. അവർ നന്മ കൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നു" എന്ന ഖുർ

ആൻ വചനം സാമൂഹിക രംഗത്ത് പുരുഷനെയും സ്ത്രീയെയും ഒരുപോലെ ശാക്തീകരിക്കുന്നു. "സ്ത്രീയാവട്ടെ പുരുഷനാവട്ടെ, നിങ്ങളിൽ ആരുടെയും കർമത്തെ ഞാൻ നിഷ്ഫലമാക്കുന്നതല്ല. നിങ്ങളെല്ലാവരും ഒരേ വർഗത്തിൽ പെട്ടവരാണല്ലോ. അതിനാൽ എനിക്കുവേണ്ടി സ്വദേശം വെടിയുകയും എന്റെ മാർഗത്തിൽ സ്വഭവനങ്ങളിൽ നിന്ന് ബഹിഷ്കൃതരാവുകയും മർദിക്കപ്പെടുകയും എനിക്കുവേണ്ടി യുദ്ധം ചെയ്യുകയും വധിക്കപ്പെടുകയും ചെയ്തവരാരോ അവരുടെ സകല പാപങ്ങളും ഞാൻ പൊറുത്ത് കൊടുക്കുന്നതാകുന്നു" (*ആലുഇംറാൻ* 195).

സാമൂഹിക വിപ്ലവത്തിനുവേണ്ടിയുള്ള പോരാട്ടപ്രവർത്തനങ്ങളിൽ ആൺ-പെൺ വിവേചനം ഖുർആന്റെ ഭാഷയിലില്ല എന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. സ്ത്രീശരീരം കമ്പോളവൽക്കരിക്കപ്പെടുകയും ചാറ്റിംഗും ബ്രൗസിംഗും സ്ത്രീ-പുരുഷ ബന്ധങ്ങൾക്ക് അശ്ലീലതയുടെ മൂടുപടമണിയിക്കുകയും ചെയ്യുമ്പോൾ സമൂഹത്തിൽ സ്ത്രീക്ക് നഷ്ടപ്പെട്ട അന്തസ്സും മാന്യതയും തിരിച്ചുപിടിക്കാനുള്ള ദൗത്യം സ്ത്രീ തന്നെ ഏറ്റെടുക്കേണ്ടതുണ്ട്. പ്രവാചക പത്നിമാരും അനുയായികളായ സ്ത്രീകളും കുടുംബത്തിൽ മാത്രം ഒതുങ്ങിക്കഴിഞ്ഞവരല്ല. അല്ലാഹുവിന്റെ മാർഗത്തിലുള്ള പലായനം, പീഡനങ്ങൾ, മർദനങ്ങൾ, രക്തസാക്ഷിത്വം, തിന്മക്കെതിരായ പോരാട്ടം എന്നിവയിലും സ്ത്രീകളുടെ അവകാശങ്ങൾ ചോദിച്ചു വാങ്ങുന്നതിലും അവർക്ക് യാതൊരു സങ്കോചവുമില്ലായിരുന്നു. എന്നു മാത്രമല്ല, അതവരുടെ ബാധ്യതയായി പ്രവാചകൻ അവരെ പഠിപ്പിച്ചു. അതുകൊണ്ടു തന്നെയാണ് നന്മയുടെ പാതയിൽ തീക്ഷ്ണമായ പരീക്ഷണഘട്ടങ്ങളിൽ പോലും സ്ത്രീകൾക്ക് ഒഴികഴിവുകൾ നൽകി അവരെ മാറ്റിനിർത്താതിരുന്നതും.

## രാഷ്ട്രീയാധികാരം

രാഷ്ട്രീയ രംഗത്തെ ശാക്തീകരണമാണ് ഇപ്പോഴും നമ്മിൽ ആശങ്ക സൃഷ്ടിക്കുന്നത്. പ്രവാചകന്റെ മദീനാപ്രവേശത്തിനു നാന്ദികുറിച്ച രാഷ്ട്രീയ സംഭവമായിരുന്നു അഖബ ഉടമ്പടി. അതിൽ രണ്ടു സ്ത്രീകൾ പങ്കെടുത്തതായി ചരിത്രത്തിൽ കാണാം. സ്വേഛാധിപതിയായ ഹജ്ജാജിന്റെ അനീതിക്കെതിരെ ശബ്ദിക്കുകയും, മകൻ അബ്ദുല്ലാഹിബ്നു സുബൈറി(റ)നെ അയാൾക്കെതിരെ പടപൊരുതാൻ യാത്രയാക്കി അയക്കുകയും ചെയ്ത അസ്മാഅ്(റ) നിർവഹിച്ചത് രാഷ്ട്രീയ ദൗത്യമായിരുന്നു. വിശ്വാസികൾക്ക് മാതൃകയായി ഖുർആൻ പരിചയപ്പെടുത്തുന്ന ഫിർഔന്റെ ഭാര്യ ആസ്യ(റ) നിർവഹിച്ചത് ശക്തമായ രാഷ്ട്രീയ ചുവടുവെപ്പായിരുന്നു. ലൗകിക സുഖങ്ങളഖിലവും ത്യജിച്ചുകൊണ്ട് സ്വർഗത്തിൽ അല്ലാഹുവിന്റെ സമീപത്ത് ഒരു ഭവനം ചോദിച്ചു വാങ്ങിയ സ്ത്രീയാണ് ആസിയ(റ). അക്രമിയും സ്വേഛാധിപതിയുമായ ഫിർഔനിൽ നിന്ന് ദുർബലരും പീഡിതരുമായ ഇസ്രയേല്യരെ മോചിപ്പിക്കാൻ വേണ്ടി മൂസ(അ) നയിച്ച വിമോചന സമരത്തിന്റെ പാതയിൽ അണിചേർന്ന അവർ പോരാടിയത് ഭർത്താവിനോടായിരുന്നില്ല, ഭരണാധികാരിയോടായിരുന്നു. അവരുടെ സമരം രാജകൊട്ടാരത്തിന്റെ അകത്തളങ്ങളിലായിരുന്നു. ഇത് ആസിയ(റ)യുടെ കുടുംബകാര്യമായിരുന്നില്ല. ശക്തമായ ഒരു രാഷ്ട്രീയ സമരമായിരുന്നു. വിമോചന സമരം. വിപ്ലവ പോരാട്ടം. അതിന്റെ മുൻനിരക്കാരിയായ ആസിയ(റ)യാണ് വിശ്വാസികൾക്ക് മാതൃക എന്ന് ഖുർആൻ പറയുമ്പോൾ ദുർബലരും പീഡിതരുമായ ഒരു സമൂഹത്തിന്റെ മോചനം (പ്രത്യേകിച്ചും സ്ത്രീകളുടെ) സ്ത്രീയുടെ ദൗത്യമല്ലാതാകുന്നതെങ്ങനെ? അതിനു മാതൃകയായി ഒരു സ്ത്രീയെ തന്നെ പടച്ചവൻ നമുക്ക് മുമ്പിൽ അവതരിപ്പിക്കുമ്പോൾ പിന്നെ എന്തിനീ വിമുഖത? എന്തിനീ ആശങ്ക?

സത്യനിഷേധികൾക്ക് മാതൃകയായി ഖുർആൻ അവതരിപ്പിക്കുന്നത് നൂഹ്

നബി(അ)യുടെയും ലൂഥ് നബി(അ) യുടേയും ഭാര്യമാരെയാണ്. അവർ ഭർത്താക്കന്മാരെ ധിക്കരിച്ചു എന്നതിലപ്പുറം അല്ലാഹുവിന്റെ സത്യപ്രവാചകന്മാരെ നിഷേധിച്ചു എന്നതിനാൽ ശപിക്കപ്പെട്ടവരാണ്. നന്മയുടെയും സത്യത്തിന്റെയും പാന്ഥാവിൽ അഹോരാത്രം പണിയെടുക്കുന്ന ഭർത്താവിന് താങ്ങും തണലുമായി നിൽക്കാൻ കഴിയാത്ത ഭാര്യമാർ അല്ലാഹുവിന്റെ മുമ്പിൽ നിഷേധികളും ദുർവൃത്തരുമാണെന്നർത്ഥം.

അല്ലാഹുവിന്റെ കൽപന പ്രകാരം കൈക്കുഞ്ഞായ ഇസ്മാഈലിനെയും തന്നെയും വിജനമായ മരുഭൂമിയിൽ തനിച്ചാക്കി നടന്നു നീങ്ങിയ ഇബ്റാഹീം നബി(അ) യോട് ഭാര്യ ഹാജറാ ബീവി പറഞ്ഞത് "അല്ലാഹുവിന്റെ കൽപന പ്രകാരമാണ് താങ്കൾ ഞങ്ങളെ ഇവിടെ ഉപേക്ഷിക്കുന്നതെങ്കിൽ അല്ലാഹു ഞങ്ങളെ കാത്തു കൊള്ളും" എന്നാണ്. ഇബ്റാഹീം നബി(അ) യുടെ സമരവും ഏകാധിപതിയായ ഭരണാധികാരി നംറൂദിനോടായിരുന്നു. തികച്ചും രാഷ്ട്രീയ സമരം തന്നെ. ഇത്തരം ഘട്ടങ്ങളിൽ സ്ത്രീ എത്രത്തോളം പുരുഷന് ശക്തിപകരണം എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഹാജറാ ബീവിയുടെ ഈ വാക്കുകൾ.

സൗകര്യങ്ങളുടെ അപര്യാപ്തത എണ്ണിപ്പറഞ്ഞ് പുരുഷനെ സ്വൈരം കെടുത്തുന്നവളല്ല ഇസ്‌ലാമിലെ ഭാര്യ. മറിച്ച്, വിപ്ലവ വിമോചന പ്രവർത്തനങ്ങളിൽ ഹാജറാ ബീവിയെപ്പോലെ ഉറച്ച നിലപാടെടുക്കാൻ കെൽപുള്ളവളായി സ്ത്രീ ഉയരണം. ഇസ്മാഈലിനെ ബലിയറുക്കാനുള്ള ദൈവ കൽപനക്കുമുമ്പിലും സമർപ്പണത്തിന്റെ മൂർത്തീ ഭാവങ്ങളായ മാതാവും പിതാവും മകനുമാണ് ഇസ്‌ലാമിലെ കുടുംബ മാതൃക. ദൗത്യ നിർവഹണത്തിൽ പുരുഷനോടൊപ്പം ചേർന്നു നിൽക്കുന്ന സഹധർമിണിയും മക്കളും അടങ്ങുന്നതാണ് ഇസ്‌ലാമിന്റെ കുടുംബ സങ്കൽപം. അതുകൊണ്ടാണ് നൂഹ് നബിയെ തള്ളിപ്പറഞ്ഞ മകൻ ആ കുടുംബത്തിന് പുറത്താണെന്ന് അല്ലാഹു പറഞ്ഞത്. സ്ത്രീകളെ ഇത്തരത്തിൽ ശാക്തീകരിക്കേണ്ട ബാധ്യതയും പുരുഷനുണ്ടെന്ന് തിരിച്ചറിയണം. ഹാജറാ ബീവിയെ അങ്ങനെ പറയാൻ പ്രേരിപ്പിച്ചത് ഇബ്റാഹീം നബി അവർക്ക് പകർന്നു നൽകിയ ശിക്ഷണമായിരുന്നു എന്നു കൂടി നമ്മൾ അറിയുക. നേതൃപദവിയിലെത്തിയ ബിൽക്കീസ് രാജ്ഞിയെ ഖുർആൻ ബുദ്ധിമതിയായ സ്ത്രീ എന്ന് വിശേഷിപ്പിച്ചതും ഈ കാഴ്ചപ്പാടിന് ശക്തിപകരുന്നു. അല്ലാഹുവിന്റെ ദിവ്യബോധനം ലഭിച്ച മർയം ബീവിയും മൂസാ(അ)യുടെ മാതാവും അല്ലാഹുവിന്റെ സാമീപ്യം ലഭിച്ച വനിതകളായിരുന്നു.

മകൾ, സഹോദരി, ഭാര്യ, മാതാവ് എന്നീ അവസ്ഥകളിൽ ഇസ്‌ലാമിലെ സ്ത്രീ ആദരിക്കപ്പെട്ടിരിക്കുന്നു. പെൺമക്കൾക്ക് നല്ല വിദ്യാഭ്യാസം നൽകി ആൺകുട്ടികളോടൊപ്പം തുല്യ പരിഗണനയും അംഗീകാരവും കൊടുത്ത് വളർത്തി നല്ല രീതിയിൽ വിവാഹം കഴിച്ചയക്കുന്ന പിതാവിന് സ്വർഗം ലഭിക്കുമെന്നും ഭർത്താവിൽ നിന്നുള്ള മാന്യമായ പെരുമാറ്റം ഭാര്യയുടെ അവകാശമാണെന്നും സ്ത്രീയോട് മാന്യമായി പെരുമാറുന്നവനാണ് മാന്യനായ പുരുഷനെന്നും മാതാവിന്റെ പാദങ്ങൾക്കടിയിലാണ് സ്വർഗമെന്നുമൊക്കെ പഠിപ്പിച്ച ഇസ്‌ലാം പുരുഷന്റെ മാന്യതയുടെയും സ്വർഗപ്രവേശത്തിന്റെയും അളവുകോൽ സ്ത്രീയോടുള്ള പെരുമാറ്റവും പരിഗണനയുമാണ് എന്നാണ് സമൂഹത്തെ പഠിപ്പിച്ചത്. തന്നിലൂടെയാണ് പുരുഷൻ മാന്യനാകുന്നതും സ്വർഗാവകാശിയാകുന്നതും എന്ന തിരിച്ചറിവാണ് സ്ത്രീക്ക് ശക്തി പകരേണ്ടത്. പിതാവിന് മകളും ഭർത്താവിന് ഭാര്യയും മക്കൾക്ക് മാതാവും അവരുടെ സ്വർഗ പ്രാപ്തിക്ക് കാരണമാകുന്നു എന്നർഥം.

ചുരുക്കത്തിൽ ഇസ്‌ലാമാണ് ആരോഗ്യകരമായ സ്ത്രീവിമോചനം

സാക്ഷാൽക്കരിച്ചത്. ധാർമിക സദാചാര സീമകൾ പാലിച്ചുകൊണ്ടുള്ള വിമോചനം. വസ്ത്രത്തിൽനിന്നുള്ള മോചനമോ, സ്വാതന്ത്ര്യത്തിന്റെ മറവിലുള്ള സൗന്ദര്യ പ്രദർശനമോ അല്ല. അടിയുറച്ച ദൈവവിശ്വാസവും സൂക്ഷ്മതയും കൈമുതലാക്കി നിർമലമായ സ്ത്രീത്വത്തെ നിർമിച്ചെടുക്കുന്ന ശാക്തീകരണം. ആത്മീയതയുടെ ജലാലും (മഹത്വം) നൈർമല്യത്തിന്റെ ജമാലും (സൗന്ദര്യം) കൂടിചേർന്നതാണ് സ്ത്രീയുടെ കമാൽ(പൂർണത).

## സമൂഹം വഴികാണിക്കണം

ഈ അർഥത്തിൽ സ്ത്രീ ശക്തയാകാൻ ശ്രമം നടത്തുമ്പോൾ സമൂഹം അവൾക്കൊരു വിലങ്ങുതടിയാകാൻ പാടില്ല. സ്വതന്ത്രവും സമാധാനപൂർണവുമായ അന്തരീക്ഷത്തിലാണ് ഏതൊരു വ്യക്തിയുടെയും കഴിവുകൾ വികസിക്കുക. സ്ത്രീയുടെ കാര്യത്തിലും അത്തരമൊരു സാഹചര്യം അനിവാര്യമാണ്. അതിന് സമൂഹവും മാനസികമായി പാകപ്പെടേണ്ടതുണ്ട്. വിവാഹ ശേഷം വീട്ടുജോലിയിലും കുടുംബസൽക്കാരത്തിലും അമ്മായിയമ്മക്ക് കൂടെ കൂട്ടാൻ ഒരാൾ എന്ന കാഴ്ചപ്പാടിനപ്പുറം പ്രവാചകൻ പഠിപ്പിച്ചതുപോലെ അറിവും കഴിവും സ്വായത്തമാക്കി സ്ത്രീയെ ശക്തയും പ്രാപ്തയുമാക്കാൻ മാതാപിതാക്കളും കുടുംബാംഗങ്ങളും സമൂഹവും സന്നദ്ധമാകണം. ഇക്കാര്യത്തിൽ വിവാഹത്തിനു മുമ്പും ശേഷവും സ്ത്രീക്ക് പുരുഷനിൽ നിന്ന് ശക്തമായ പിന്തുണയും പ്രോത്സാഹനവും, ഒരുപക്ഷേ നിർബന്ധവും ആവശ്യമായിവരും. കാരണം, സ്ത്രീകൾ പൊതുവെ അലങ്കാരപ്രിയരാണ്. ജീവിതത്തിന്റെ വർണാഭമായ നിറക്കൂട്ടുകളിലും ആർഭാടങ്ങളിലുമാണവൾ കൂടുതൽ താല്പര്യം കാണിക്കുക. അതിനാൽ സാമൂഹിക പ്രവർത്തനമേഖലയോട് മിക്കസ്ത്രീകളും വിമുഖത കാണിക്കും. പുരുഷന്റെ പ്രോത്സാഹനവും നിർബന്ധവുമുണ്ടെങ്കിൽ ഈ 'അലസത' മാറ്റിയെടുക്കാൻ കഴിയും. അടുക്കളക്കും അകത്തളത്തിനുമപ്പുറം അറിവിന്റെയും അനുഭവത്തിന്റെയും വിശാലമായ ലോകത്തേക്ക് അവരെ കൈപിടിച്ചു കൊണ്ടുവന്നാലേ സമൂഹത്തിൽ സമൂലമായ മാറ്റമുണ്ടാകൂ. പുരുഷൻമാർ ഗൃഹജോലികളിൽ സഹായിക്കുക കൂടി ചെയ്താൽ ഗൃഹഭരണവും സാമൂഹിക പ്രവർത്തനവും ഒരുമിച്ചു കൊണ്ടുപോകുന്നത് സ്ത്രീകൾക്ക് ഒരു ഭാരമായി അനുഭവപ്പെടുകയില്ലെന്നു മാത്രമല്ല, അതവർക്ക് ആസ്വാദ്യകരമാവുകയും ചെയ്യും.

അതിരാവിലെ വിസ്തരിച്ച പത്രം വായനക്ക് സൗകര്യം ലഭിക്കുന്ന പുരുഷൻ തന്റെ സഹധർമിണിക്കു കൂടി വായനക്കും പഠനത്തിനും സൗകര്യം ചെയ്തുകൊടുക്കാൻ ബാധ്യസ്ഥനാണ്. അപ്പോൾ അവളുടെ ലോകം അടുക്കളക്കും അകത്തളത്തിനുമപ്പുറമായിരിക്കും; ആഭരണത്തിനും അലങ്കാരങ്ങൾക്കും അതീതമായിരിക്കും. അങ്ങനെ വാഗ്മിയായും പണ്ഡിതയായും കവയിത്രിയായും സാഹിത്യകാരിയായും നയതന്ത്രജ്ഞയായും അവൾക്ക് ശോഭിക്കാൻ കഴിയും; കാലം കണ്ട അനേകം സ്ത്രീരത്നങ്ങളെ പോലെ.

ഇസ്‌ലാം വിപ്ലവത്തിന്റെ ദർശനമാണ്. വിമോചനത്തിന്റെ പ്രത്യയശാസ്ത്രം. ആരോഗ്യകരമായ സ്ത്രീ വിമോചനത്തിന് പൂർണത നൽകിയ ഈ ആദർശനത്തിന് സംവദിക്കാനുള്ളത് മതങ്ങളോടല്ല, സ്ത്രീ വിമോചന പ്രവർത്തനങ്ങളിൽ ചുവടുവെപ്പുകൾ നടത്തിയെന്ന് അവകാശപ്പെടുന്ന ഫെമിനസത്തോടാണ്. സ്ത്രീയുടെ സ്വത്വം നഷ്ടപ്പെടുത്താതെ തന്നെ അവൾക്ക് വിമോചനത്തിന്റെ സ്വതന്ത്ര വായു ശ്വസിക്കാനവസരം നൽകിയതാര്? നമുക്കു സംവദിക്കാം. ഈ പുതുയുഗത്തിലെ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ഈ സംവാദം കരുത്തേകും; തീർച്ച. ■